നടപടി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സ്വീകരിക്കണം. ആ ഭൂമിയുടെ സംരക്ഷകനായി അദ്ദേഹം മാറണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സർ, പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിൽ ളാഹാ പെരുമാട് എസ്റ്റേറ്റ് ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശത്തിലാണെന്ന് കാണുന്നു. ഈ എസ്റ്റേറ്റിൽ 426.6 ഏക്കർ ഭൂമി കമ്പനി സ്വന്തം പേരിൽ തണ്ടപ്പേര് പിടിച്ച് കരമടച്ചു വരുന്നുണ്ട്. കൂടാതെ 1629.75 ഏക്കർ ഭൂമി സ്വകാര്യ വ്യക്തികളിൽ നിന്നും പാട്ടത്തിനെടുത്തതായും കാണുന്നു. ഇതിൽ കമ്പനി കരമടച്ചുവരുന്ന 426.6 ഏക്കർ ഭൂമി കാവ് പുറമ്പോക്ക്, പുറമ്പോക്ക് തരിശ്, വനം പുറമ്പോക്ക് എന്നിങ്ങനെയാണ് റവന്യൂ റെക്കോർഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ എസ്റ്റേറ്റിലെ റീ-സർവ്വേ ജോലി നടന്നുവരികയാണ്. റീ-സർവ്വേ പൂർത്തിയാകുന്ന മുറയ്ക്ക് പകുതിയിൽ കവിഞ്ഞ ഭൂമിയും നിയമവിരുദ്ധമായി കമ്പനി കൈവശപ്പെടുത്തിയിട്ടുള്ള ഭൂമിയും തിരിച്ചെടുക്കാൻ കഴിയുന്നതാണ്. അർഹതപ്പെട്ട ഭൂമി പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമാക്കി ഭൂമി വിതരണം ഉൾപ്പെടെ തുടർ നടപടികൾ നിയമാനുസൃതം സ്വീകരിക്കുന്നതാണ്.

(10) മൈക്രോ ബയോളജി ബിരുദാനന്തര ബിരുദം

ശ്രീ. കെ. കെ. ദിവാകരൻ: സർ, കേരളത്തിൽ എം.ജി. യൂണിവേഴ്സിറ്റി, കാലിക്കട്ട് യൂണിവേഴ്സിറ്റി, കണ്ണൂർ യൂണിവേഴ്സിറ്റി എന്നീ മൂന്ന് യൂണിവേഴ്സിറ്റികൾ മെഡിക്കൽ മൈക്രോ ബയോളജിയിൽ ബി.എസ്സി, എം.എസ്സി. കോഴ്സുകൾ നടത്തുന്നുണ്ട്. ഇതാകട്ടെ സാധാരണ മൈക്രോ ബയോളജി കോഴ്സുകളിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. ബി.എസ്സി. മെഡിക്കൽ ബയോളജിക്ക് നാല് വർഷത്തെ കോഴ്സും എട്ട് സെമസ്റ്ററുമാണെങ്കിൽ സാധാരണ മൈക്രോ ബയോളജി കോഴ്സിന് മൂന്ന് വർഷവും ആറ് സെമസ്റ്ററുമാണ്. ബി.എസ്സി. മെഡിക്കൽ ബയോളജി ഡിഗ്രിക്കാർക്ക് മലേറിയ ഓഫീസർ, ബാക്ടീരിയോളജിസ്റ്റ്, മൈക്രോബയോളജിസ്റ്റ്, എൻഡമോളജിസ്റ്റ്, പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ സൈക്കോളജിസ്റ്റ് എന്നീ തസ്തികകളിൽ ജോലി ലഭിക്കാൻ അർഹതയുണ്ട്. ഈ വിഭാഗത്തിലെ എം.എസ്.സി. ക്കാർക്കാകട്ടെ മെഡിക്കൽ കോളേജിലേയ്ക്കോ, ഡന്റൽ കോളേജുകളിലേക്കോ ലെക്ച്ചറർ തസ്തികയിലേക്കും നിയമനം ലഭിക്കാൻ അർഹതയുണ്ട്. എന്നാൽ നിർഭാഗ്യവശാൽ കേരള പി.എസ്.സി മെഡിക്കൽ മൈക്രോ ബയോളജി കോഴ്സുകൾ ഇന്നുവരെ അംഗീകരിച്ചിട്ടില്ല. അതു കൊണ്ട് ഈ കോഴ്സുകൾ കഴിഞ്ഞ ബി.എസ് സി., എം.എസ് സി. ഡിഗ്രിക്കാർ സ്വകാര്യ സ്ഥാപനങ്ങളിൽ തുച്ഛ വേതനത്തിൽ ജോലിചെയ്യുകയാണ്. ഈ അവസ്ഥ മാറ്റുന്നതിനുവേണ്ടി പി.എസ്.സി.യെ കൊണ്ട് ഈ കോഴ്സുകൾ അംഗീകരിപ്പിക്കുന്നതിനു വേണ്ട നടപടികൾ എടുക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

2214/12

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സർ, എം.എസ്സി. സുവോളജി, എം.എസ്സി. എൻഡമോളജി എന്നീ കോഴ്സുകളാണ് ആരോഗ്യവകുപ്പിന് കീഴിലുള്ള മലേറിയ ഓഫീസർ, എൻഡമോളജിസ്റ്റ് എന്നീ തസ്തികയിലേക്കുള്ള പ്രവേശനത്തിന് അടിസ്ഥാന യോഗ്യതയായി അംഗീകരിച്ചിട്ടുള്ളത്. ഇത് വർഷങ്ങൾക്കുമുമ്പ് നിശ്ചയിച്ചതാണ്. കാലോചിതമായി പുതിയ കോഴ്സുകൾ തുടങ്ങുമ്പോൾ അവയിൽ അനുയോജ്യമായ കോഴ്സുകൾ കൂടി കൂട്ടിച്ചേർത്ത് അടിസ്ഥാന യോഗ്യതയായി കണക്കാക്കണമെന്നാണ് ഇപ്പോൾ സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചിട്ടുള്ള ഈ വിഷയത്തിൽ ഉചിതമായി ഉടൻ തീരുമാനമെടുക്കുന്നതാണ്.

(11) ജന ഔഷധി പദ്ധതി

ശ്രീ. ടി. എൻ. പ്രതാപൻ: സർ, വളരെ ഗൗരവമുള്ള ഒരു കാര്യമാണ് ഞാൻ സഭയുടെ മുമ്പിൽ കൊണ്ടുവരുന്നത്. കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ജന ഔഷധി പദ്ധതി സംസ്ഥാനത്തും അടിയന്തരമായി നടപ്പിലാക്കണം. വിലകുറവുള്ള ജനറിക് മരുന്നുകളുടെ സംഭരണവും വിതരണവും വ്യാപകമാക്കി ഗുണനിലവാരമുള്ള മരുന്നുകൾ സാധാരണക്കാർക്ക് താങ്ങാവുന്ന വിലയ്ക്ക് ലഭ്യമാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ട ആവശ്യകതയാണ് ഞാൻ സൂചിപ്പിക്കുന്നത്. ബഹുമാനപ്പെട്ട ചെയറിന് ഇത് വളരെ ഗൗരവമായി അറിയാവുന്ന കാര്യമാണ്. ഗുണനിലവാരമുള്ള മരുന്നുകൾ സാധാരണക്കാർക്ക് ലഭ്യമാക്കുക എന്ന ദൗത്യം സർക്കാർ ഏറ്റെടുക്കണം. ചികിൽസയ്ക്ക് ചെലവാക്കുന്ന തുകയിൽ 80 ശതമാനവും മരുന്നുകളുടെ തുകയാണ്. അലോപ്പതി മരുന്നുകൾക്ക് അമിതവും അന്യായവുമായ വില രാജ്യത്ത് പൊതുവേ ഉണ്ടെങ്കിലും കേരളത്തിലാണ് ഏറ്റവും കൂടുതൽ വില നൽകേണ്ടിവരുന്നത്. സംസ്ഥാനത്ത് 350-ഓളം കമ്പനികൾ പത്തിരട്ടിവരെ വില കൂട്ടിയാണ് മരുന്നുകൾ വിൽക്കുന്നത്. ഇപ്രകാരം അമിത ലാഭമെടുത്ത് സംസ്ഥാനത്ത് മരുന്നു വിൽക്കുന്ന സമ്പ്രദായം അടിയന്തരമായി അവസാനിപ്പിക്കുന്നതിന് നടപടിയുണ്ടാകണം. ബ്രാൻഡഡ് ഉൽപ്പന്നങ്ങളെ അപേക്ഷിച്ച് ജനറിക് മരുന്നുകൾക്ക് പൊതുവേ വില കുറവാണ്. കേന്ദ്ര സർക്കാർ ജന ഔഷധി എന്ന പദ്ധതിപ്രകാരം ജനറിക് മരുന്നുകളുടെ സംഭരണവും വിതരണവും വ്യാപകമാക്കുകയാണ്. ഈ പദ്ധതി സംസ്ഥാനത്തും അടിയന്തരമായി നടപ്പിലാക്കണം. സംസ്ഥാനത്ത് എല്ലാ സർക്കാർ ആശുപത്രികളിലും ജന ഔഷധി സ്റ്റോറുകൾ ആരംഭിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കണം. പൊതുമേഖലാ മരുന്നു നിർമ്മാണ കമ്പനികളിൽ നിന്നും, ചെറുകിട മരുന്നു നിർമ്മാണശാലകളിൽ നിന്നും മരുന്ന് വാങ്ങി ജന ഔഷധി സ്റ്റോറുകൾ വഴി വിൽപ്പന നടത്തിയാൽ ഈ രംഗത്ത് കള്ള കൂട്ടുകെട്ടുകൾ തകർക്കാനും മിതമായ വിലയ്ക്ക് രോഗികൾക്ക് ഗുണമേന്മയുള്ള മരുന്നുകൾ ലഭ്യമാക്കാനും കഴിയും. ഇതിന് അടിയന്തരമായി സത്വര നടപടി സ്വീകരിക്കണം.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

LIBRARY ARCHIVES Kerala Legislative Assembly